Athmaraksha.org

നമ്മുടെ അവസാന നാളുകൾ

## യേശുക്രിസ്തു വീണ്ടും വരും




കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും. അപ്പോൾ ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞു ചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും (2 പത്രോസ് 3:10).

ആദിവസങ്ങൾ പരിമിതപ്പെടുത്തിയില്ലായിരുന്നെങ്കിൽ, ഒരുവനും രക്ഷപെടുകയില്ലായിരുന്നു. എന്നാൽ, തെരഞ്ഞെടുക്കപ്പെട്ടവരെ പ്രതി ആ ദിവസങ്ങൾ പരിമിതപ്പെടുത്തും (മത്തായി 24:22). നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ (മത്താ 24:42). അതിനാൽ, നിങ്ങളും തയ്യാറായിരിക്കണം. നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത് (മത്താ 24:44).
ഇതു സാക്ഷ്യപ്പെടുത്തുന്നവൻ പറയുന്നു: അതേ, ഞാൻ വേഗം വരുന്നു, ആമേൻ; കർത്താവായ യേശുവേ, വരണമേ! (വെളിപാട് 22:20).

ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേൽപിച്ചവരും അവനെപ്രതി മാറത്തടിച്ച് വിലപിക്കുന്ന ഭൂമിയിലെ സർവഗോത്രങ്ങളും അവനെ ദർശിക്കും. ആമേൻ (വെളിപാട് 1:7).

കാലവിളംബത്തെക്കുറിച്ച് ചിലർ വിചാരിക്കുന്നതുപോലെ, കർത്താവ് തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട്, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളു (2 പത്രോസ് 3:9).

ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും (യോഹന്നാൻ 14:3).

മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതൻമാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം നൽകും മത്തായി 16:27).